MyCARE

ഓരോ ചുവടും എന്നോടൊപ്പം



# “ഇൻസുലിൻ സുരക്ഷിതമായി സ്റ്റോർ ചെയ്യുന്നതിന് സഹായകമായ ചില ടിപ്പുകൾ നമുക്ക് മനസ്സിലാക്കാം”

USV

ഇൻസുലിൻ ഉപയോഗിക്കുന്നതിന് മുമ്പ് അതിന്റെ **കാലാവധി തീരുന്ന തീയതി പരിശോധിക്കുക**

കാലാവധി തീർന്ന ഇൻസുലിൻ **പിന്നീട് ഉപയോഗിക്കരുത്.**



സീൽ ചെയ്ത വിയൽ/പെൻ/
കാർട്ട്റിഡ്ജ്

## $2^0$ - $8^0$ C തണുപ്പിൽ റഫ്രിജറേറ്ററിൽ സൂക്ഷിക്കണം.




**ഫ്രീസർ -** ഇവിടെ $2^0$ C യിൽ താഴെ ഊഷ്മാവിൽ സൂക്ഷിക്കരുത്

**മിഡിൽ റാക്ക് -** ഇൻസുലിൻ സൂക്ഷിക്കുവാൻ യോജിച്ച സ്ഥലം

**വെജിറ്റബിൾ ട്രേ -** ഇവിടെ $8^0$ C -യിൽ കൂടുതൽ ഊഷ്മാവിൽ സൂക്ഷിക്കരുത്

## ഇത്തരം സ്ഥലങ്ങളിൽ ഇൻസുലിൻ സൂക്ഷിക്കരുത്

നേരിട്ട് വെയിൽ കൊള്ളുന്നിടത്ത് / കാറിന്റെ ഗ്ലൗവ് കംപാർട്ട്മെന്റിൽ (കൂടിയ ചൂട്) അല്ലെങ്കിൽ ഫ്രീസറിൽ ( കൂടിയ തണുപ്പ്)




**ഇൻസുലിൻ ഒരിക്കലും തണുത്ത് കട്ടിയാവാൻ അനുവദിക്കരുത്.**

അബദ്ധത്തിൽ തണുത്തുറഞ്ഞാൽ, ഇൻസുലിൻ ഉപേക്ഷിക്കുക.



നിർമ്മാതാക്കൾ നൽകുന്ന പ്രത്യേക
സ്റ്റോറേജ് നിർദ്ദേശങ്ങൾ
**കൃത്യമായി പാലിക്കണം.**




## ഇൻസുലിൻ വിയൽ (ചെറു മരുന്ന് കുപ്പി) / പേന തുറന്നാൽ, സാധാരണ മുറിയിലെ ചൂടിൽ (<30 C) സൂക്ഷിക്കുക.

സാധാരണ മുറിയിലെ ചൂടിൽ അത് കേടു കൂടാതെ ഇരിക്കുന്ന കാലം ഏകദേശം 4 ആഴ്ച്ച ആണ്.





ഉപേക്ഷിക്കേണ്ട തീയതി ഇങ്ങനെ വിയലിൽ / പേനയിൽ എഴുതാം.


റഫ്രിജറേറ്റർ / ഇലക്ട്രിസിറ്റി **ഇല്ലെങ്കിൽ** ഇൻസുലിൻ നേരിട്ടുള്ള വെയിലിൽ നിന്നും ദൂരെ മാറ്റി **തണുപ്പും വായുസഞ്ചാരവും ഇരുട്ടും ഉള്ള സ്ഥലത്ത് സൂക്ഷിക്കുക.**




ഓരോ തവണയും ഉപയോഗത്തി
നു ശേഷം, ഇൻസുലിൻ ചോർന്ന്
പോകാതിരിക്കാൻ
**പേനയിൽ നിന്നും സൂചി
എടുത്ത് മാറ്റുക.**



യാത്രകളിൽ, ചുറ്റുമുള്ള ചൂട് 30°C -യിൽ കൂടുതൽ ആവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, **ഇൻസുലിൻ വിയൽ / പേന ഒരു പൗച്ചിൽ ആക്കി റഫ്രിജറേറ്റഡ് കൂളന്റ് ജൽ പായ്ക്കിനൊപ്പം അല്ലെങ്കിൽ ഐസിന്റെ തണുപ്പുള്ള തെർമോഫ്ലാസ്കിൽ സൂക്ഷിക്കുക.**




വിമാന യാത്രകളിൽ, വളരെ കൂടിയ ചൂട് ഏൽക്കുന്നത് ഒഴിവാക്കുവാൻ, **ഇൻസുലിൻ ചെക്ക്ഡ്-ഇൻ ബാഗേജിനൊപ്പം വയ്ക്കരുത്.**



സിറിഞ്ചിലേയ്ക്ക് വലിച്ചെടുക്കുന്നതിന് മുമ്പ് ഇൻസുലിൻ കാഴ്ച്ചയിൽ നോർമൽ ആണെന്ന് ഉറപ്പ് വരുത്തുന്നതിന് **വിയൽ സൂക്ഷ്മമായി പരിശോധിക്കുക.** എന്തെങ്കിലും കരടുകൾ, ക്രിസ്റ്റലുകൾ അല്ലെങ്കിൽ മഞ്ഞു മൂടിയതു പോലെയോ നിറം മാറിയതു പോലെയോ കാണുകയാണെങ്കിൽ ആ ഇൻസുലിൻ ഉപേക്ഷിക്കുക.




കരടുകൾ,
നിറം മാറ്റം ഉണ്ടോ
**എന്ന് പരിശോധിക്കുക.**




മൂടലോ കരടുകളോ ഉണ്ടോ
കട്ടകളോ ചെറുതരികളോ ഉണ്ടോ
**എന്ന് പരിശോധിക്കുക.**

**കുറിപ്പ്:** സാധാരണ ഇൻസുലിൻ / ഗ്ലാർജിൻ തെളിഞ്ഞതും എൻപിഎച്ച് / പ്രീമിക്സ് ഇൻസുലിൻ കലങ്ങിയതും ആയിരിക്കും.



ഓർമ്മയിൽ വയ്ക്കുക

**ഇൻസുലിൻ സുരക്ഷിതമായി സൂക്ഷിച്ചു വയ്ക്കുന്നത് അങ്ങേയറ്റം പ്രധാനമാണ്.**

വളരെ കൂടിയ ചൂടും തണുപ്പും ഇൻസുലിന്റെ വീര്യം നഷ്ടപ്പെടുവാൻ കാരണമാകും, അതിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തും.

# MyCARE

ഓരോ ചുവടും എന്നോടൊപ്പം

## റഫറൻസ്


1. ഇൻസുലിൻ സംഭരണവും സിറിഞ്ച് സുരക്ഷയും | എ.ഡി.എ. Diabetes.org. (2022). https://www.diabetes.org/healthy-living /medication-treatments/insulin-other-injectables/Insulin-storage-and-syringe-safety. എന്നതിൽ നിന്ന് 6 ജൂലായ് 2022 ന് വീണ്ടെടുത്തത്.

2. ചൗധരി, എസ്., ചക്രവർത്തി, പി.പി. (2017). ഇൻസുലിൻ തെറാപ്പിയുടെ പിശകുകൾ: വികസ്വര ലോകത്തു നിന്നുമുള്ള യഥാർത്ഥ ജീവിതാനുഭവങ്ങൾ. ജേർണൽ ഓഫ് ഫാമിലി മെഡിസിൻ ആൻഡ് പ്രൈമറി കെയർ, 6(4), 724-729. https://doi.org/10.4103/jfmpc.jfmpc_418_16

3. ടാൻഡൺ എൻ, കൽറ എസ്, ബൽഹാര വൈപി, ബറുവ എംപി, ചാധ എം, ചണ്ഡാലിയ എച്ച്ബി, ണള ടഫ. കുത്തിവയ്പ്പ് സാങ്കേതികതയും തെറാപ്പിയും സംബന്ധിച്ച വിദഗ്ധ ശുപാർശകൾക്കുള്ള ഫോറം, ഇന്ത്യ: ഇൻസുലിൻ ഇൻജക്ഷൻ ടെക്നിക്കിൽ മികച്ച പ്രാക്ടീസുകൾക്കുള്ള ഇന്ത്യയുടെ ശുപാർശകൾ, 2017. Indian J Endocr Metab 2017;21:600-17.



**Disclaimer:**
"The guide/presentation/content/literature is for general information, guidance and educational purposes only and is not complete or exhaustive. The guide/ presentation/content/literature is not intended or implied to replace or substitute any current practice and or advice/guidance/diet provided by healthcare professionals. This guide/presentation/content/literature does not constitute any treatment/therapy/medication/diet/opinions for any patients who are on diabetes medication, the patients are required to prior consult their healthcare professional before acting on any change on treatment/therapy/ medication/diet and or opions. USV Private Limited makes no representations as to accuracy, completeness, correctness, suitability or validity of any information contained in this guide/presentation/content/literature and will not be liable for any losses, injuries or damages arising from its use."



പൊതുജന താൽപര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത്: USV